# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :22.12.2023

## പത്രകുറിപ്പ്

## ഇന്ധന സർചാർജ്ജ് സംബന്ധിച്ചുള്ള പൊതുതെളിവെടുപ്പ് ഡിസംബർ 28ന്

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, 2023 ജാനുവരി മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും വാങ്ങുന്നതിനും, കമ്മീഷൻ അംഗീകരിച്ച ഇന്ധനചിലവിനേക്കാൾ, ഇന്ധന വിലയിലുണ്ടായ വർദ്ധനവ് മൂലമുണ്ടായ അധികബാധ്യത, ഇന്ധന സർചാർജ്ജായി ഉപഭോക്താക്കളിൽ നിന്നും ഈടാക്കാനുള്ള അപേക്ഷ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുൻപാകെ 15.05.2023ന് സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷൻ (OP No. 61/2023) കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. ഇതു സംബന്ധിച്ച് പൊതുജനങ്ങളുടെ സൗകര്യാർത്ഥം നേരിട്ടുള്ള ഒരു പൊതുതെളിവെടുപ്പ് കമ്മീഷൻ 2023 ഡിസംബർ **28-ാം തീയതി വ്യാഴാഴ്ച കമ്മീഷന്റെ തിരുവനന്തപുരത്ത് വെള്ളയമ്പലത്തുള്ള കോർട്ട് ഹാളിൽ രാവിലെ 11:00 മണിക്ക്** നടത്തുന്നു. ഇതുകൂടാതെ പൊതുതെളിവെടുപ്പിൽ നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്ക് വീഡിയോ കോൺഫറൻസ് മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്. വീഡിയോ കോൺഫറൻസ് മുഖാന്തിരം പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ഡിസംബർ 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി, പേരും വിശദവിവരങ്ങളും ഫോൺ നമ്പർ സഹിതം കമ്മീഷൻ സെക്രട്ടറിയെ kserc@erckerala.org എന്ന ഇ-മെയിലിൽ അറിയിക്കണം. കൂടാതെ തപാൽ മുഖേനയും ഇ-മെയിൽവഴിയും (kserc@erckerala.org) പൊതുജനങ്ങൾക്ക്

എഴുതി തയ്യാറാക്കി അഭിപ്രായങ്ങൾ രേഖപ്പെടുത്താം. തപാൽ/ ഇ-മെയിൽ (kserc@erckerala.org) മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ ഡിസംബർ 28-ാം തീയതി വ്യാഴാഴ്ച, 05:00 PM വരെ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

സെക്രട്ടറി